# STD - I

## അദ്ധ്യാപക സഹായി

## പാഠം – ഒമ്പത്   നമ്മുടെ ദേവാലയം   ഭാഗം – ഒന്ന്

### ലക്ഷ്യം

ദേവാലയം ദൈവം വസിക്കുന്ന ആലയമാണ്. ദേവാലയം പ്രാർത്ഥനയുടെയും ആരാധനയുടെയും സ്ഥലമാണ്. ദേവാലയത്തിൽ ഞാൻ ഭക്തിപൂർവ്വം പെരുമാറും. പ്രാർത്ഥനകളിലും ആരാധനകളിലും കൈകൾ കൂപ്പി അച്ചടക്കത്തോടെ പങ്കെടുക്കും.

### പഠനസഹായികൾ

* ഇടവക ദേവാലയത്തിന്റെയും, രൂപതയിലെ പ്രധാനപ്പെട്ട മറ്റു ദേവാലയങ്ങളുടെയും ചിത്രങ്ങൾ
* ദേവാലയത്തിന് അകത്ത് ഭക്തിയോടെ പ്രാർത്ഥനകളിൽ പങ്കുകൊള്ളുന്നവരുടെ ചിത്രം/വീഡിയോ ക്ലിപ്പിംഗ്
* പരേതയായ ജീസസ് യൂത്ത് അംഗം അജ്ന ജോർജ്ജ് മുട്ടുങ്കൽ – ക്യാൻസർ ബാധിച്ച് ചികിത്സയിലായിരുന്നപ്പോഴും, നിത്യവും ദേവാലയത്തിൽ വന്ന് ഭക്തിപൂർവ്വം ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തെ മഹത്വപ്പെടുത്തിയ അനുഭവ കഥ

### പാഠത്തിന്റെ ഉള്ളടക്കം

* പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും വേണ്ടിയുള്ള സ്ഥലമാണ് ദേവാലയം.
* ദേവാലയം ദൈവം വസിക്കുന്ന ആലയം
* ദേവാലയത്തിലെ സക്രാരിയിൽ ദിവ്യകാരുണ്യ അപ്പമായി ഈശോ വസിക്കുന്നു.
* പള്ളിയിൽ വൈകാതെ നേരത്തെ എത്തണം പ്രാർത്ഥനയ്ക്കായി
* ദേവാലയത്തിൽ കൈകൾ കൂപ്പി മുട്ടുകുത്തി ദിവ്യകാരുണ്യ ഈശോയെ വണങ്ങി പ്രാർത്ഥിക്കണം.
* ആരാധനകളിലും പ്രാർത്ഥനയിലും ഭക്തിപൂർവ്വം പങ്കെടുക്കണം.

### പ്രാർത്ഥന

ദിവ്യസക്രാരിയിൽ അപ്പത്തിന്റെ രൂപത്തിൽ എഴുന്നുള്ളിയിരിക്കുന്ന, നിത്യം വസിക്കുന്ന ഈശോയെ അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു, സ്തുതിക്കുന്നു, ആരാധിക്കുന്നു.

## ചോദ്യങ്ങൾ

1. ദൈവം വസിക്കുന്ന ആലയം ഏതാണ്?
2. പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുമായിട്ടുള്ള സ്ഥലം ഏതാണ്?
3. ദേവാലയത്തിലെ സക്രാരിയിൽ ആരാണ് വസിക്കുന്നത്?
4. ദേവാലയത്തിൽ എങ്ങനെയാണ് നാം പെരുമാറേണ്ടത്?
5. ആരാധനയിലും പ്രാർത്ഥനയിലും എങ്ങനെ പങ്കെടുക്കണം?

# STD - I

## അദ്ധ്യാപക സഹായി

## പാഠം – ഒമ്പത്    നമ്മുടെ ദേവാലയം    ഭാഗം – രണ്ട്

### ലക്ഷ്യം

ദേവാലയത്തിൽ നിത്യവും ദിവ്യബലി അർപ്പിക്കുന്നു. ദൈവവചനം പങ്കുവയ്ക്കുന്നു. ദൈവം വസിക്കുന്ന ആലയമായ ദേവാലയം പരിശുദ്ധമാണ്. ദേവാലയം, വിശ്വാസികൾ ഒത്തുചേരുന്നിടമാണ്. ദേവാലയത്തിൽ ഭക്തിയോടും അച്ചടക്കത്തോടും കൂടെ ഞാൻ പെരുമാറും. ദൈവത്തെ സ്തുതിച്ചുകൊണ്ട് പ്രാർത്ഥനയിലായിരിക്കും.

### പഠനസഹായികൾ

* വീഡിയോ – ദിവ്യബലിയർപ്പണത്തിന്റെ
* വീഡിയോ – ദിവ്യകാരുണ്യ ആരാധനയുടെ
* വചനം – മത്താ. 18:20
* ഇടവക പള്ളിയിലെ അൾത്താരയുടെ അടുത്ത് കുട്ടികളെ മുട്ടുകുത്തി നിർത്തിക്കൊണ്ട് സക്രാരിയിൽ വസിക്കുന്ന ഈശോയെ സ്തുതിച്ച് ആരാധിപ്പിക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* ദേവാലയം വിശ്വാസികൾ ഒത്തുചേരുന്നിടം
* ദേവാലയത്തിൽ നിത്യവും ദിവ്യബലി അർപ്പിക്കുന്നു
* ദൈവവചനം പങ്കുവയ്ക്കുന്നു.
* ദൈവം വസിക്കുന്ന ദേവാലയം പരിശുദ്ധമാണ്
* ദേവാലയത്തിൽ ഭക്തിയോടും അച്ചടക്കത്തോടും കൂടെ പെരുമാറും
* രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത്, അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും. (മത്താ. 18:20)
* ദേവാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കും – സത്പ്രവൃത്തികൾ
* ദേവാലയത്തിൽ ഈശോയോട് നന്നായി പ്രാർത്ഥിക്കും – ഉണ്ണിക്കവിത

### പ്രാർത്ഥന

ദേവാലയത്തിൽ, ഈശോയുടെ തിരുമുമ്പിൽ ഭക്തിയോടും അച്ചടക്കത്തോടുംകൂടെ പ്രാർത്ഥനയിൽ ആയിരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ആമേൻ

**ചോദ്യങ്ങൾ**

1. ദേവാലയത്തിൽ നാം നിത്യവും അർപ്പിക്കുന്നത് എന്താണ്?
2. ദിവ്യബലി മധ്യേ എന്താണ് പങ്കുവയ്ക്കുന്നത്?
3. ദേവാലയം എന്തിനെല്ലാം ഉള്ളതാണ്
4. ദേവാലയത്തിൽ അനുഷ്ഠിക്കേണ്ട രണ്ട് നല്ല പെരുമാറ്റ ശീലങ്ങൾ പറയുക.
5. ദേവാലയത്തിനായി ശീലിക്കേണ്ട രണ്ട് സത്പ്രവൃത്തികൾ പറയുക.